# പതിനാലാം കേരളനിയമസഭ

## 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ് കൃഷിയും അനുബന്ധ മേഖലകളും. കൃഷി ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്ന കർഷകരുടെ എണ്ണം പല കാരണങ്ങളാൽ കുറഞ്ഞു വരുന്നു. കൃഷിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും എല്ലാ ക്ഷേമ പരിപാടികളിലും ചെറുകിട നാമമാത്ര കർഷകർക്ക് മുൻഗണന നൽകുന്നതിനും ദേശീയ കാർഷിക കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. കർഷക സുരക്ഷയുടെയും ക്ഷേമത്തിന്റെയും പരമപ്രധാനമായ കാര്യങ്ങൾ മനസ്സിലാക്കി കാർഷിക മേഖലയിൽ ആയതിന് പരമോന്നത സ്ഥാനം നൽകേണ്ടതുണ്ട്. കർഷകർക്ക് സാമൂഹിക മാന്യതയും സാമ്പത്തിക ഐശ്വര്യവും ഉറപ്പ് വരുത്തുക, അവർക്ക് പെൻഷനും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുക, വരുംതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക, കർഷക സമൂഹത്തിന് ഐശ്വര്യപൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ രൂപപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ബിൽ പതിനാലാം കേരള നിയമസഭയുടെ 151-ാം നമ്പർ ബില്ലായി 1.6.2018 ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 2018 ഡിസംബർ 13-ാം തീയതി ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ.വി. എസ് സുനിൽകുമാർ, ബിൽ സഭയിൽ അവതരിപ്പിക്കുകയും തുടർന്ന് ഈ ബിൽ സംബന്ധിച്ച് സൂക്ഷ്മ പഠനം നടത്തുന്നതിനായി 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാൻ സഭ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബിൽ ഇപ്പോൾ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ബില്ലിലെ വ്യവസ്ഥകൾ കുറ്റമറ്റതും കർഷകരുടെ ക്ഷേമത്തിന് ഉതകുമാറ് എല്ലാ മേഖലകളെയും ഉൾപ്പെടുത്തി കൂടുതൽ സമഗ്രവും പ്രായോഗികവും ആക്കുന്നതിലേക്ക് സമൂഹത്തിന്റെ എല്ലാ തട്ടുകളിലുമുള്ള വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കുവാൻ സമിതി ആഗ്രഹിക്കുന്നു. ആയതിലേക്ക് ഒരു ചോദ്യാവലി ചുവടെ ചേർക്കുന്നു. കൂടാതെ, ഈ വിഷയത്തിൽ പ്രതികരണവും ഈ ബില്ലിൽ വിട്ടുപോയതായി കരുതുന്ന വ്യവസ്ഥകളുണ്ടെങ്കിൽ അവയും പുതുതായി ഏതെങ്കിലും മേഖല ഉൾപ്പെടുത്തേണ്ടതായി കരുതുന്നുവെങ്കിൽ അവ സംബന്ധിച്ച നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

## ചോദ്യാവലി

1. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ അവിഭാജ്യ ഘടകങ്ങളായ കൃഷിയും അനുബന്ധ മേഖലകളും കൂടുതലായി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് താങ്കളുടെ അഭിപ്രായം എന്താണ് ?

2. കൃഷിയിലേക്ക് യുവതലമുറയെ ആകർഷിക്കാനുതകുന്ന എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിക്കാനുള്ളത്?

3. വകുപ്പ് 3(5) (ബി)-ൽ മറ്റ് ക്ഷേമനിധി ബോർഡുകളിൽ അംഗമായിട്ടുള്ളതിന്റെ ഫലമായി പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചു കൊണ്ടിരിക്കുന്നവർക്ക് ഈ ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യം ലഭിക്കുന്നതിനു അർഹതയില്ലായെന്നു വ്യവസ്ഥ ചെയ്യുമ്പോൾ കൃഷി എന്ന നിർവ്വചനത്തിലോ അംഗം എന്ന നിർവ്വചനത്തിലോ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ടോ ?

4. മട്ടുപ്പാവിലെ കൃഷി നടത്തുന്നവരെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതുണ്ടെന്നു കരുതുന്നുണ്ടോ?

5. ക്ഷീരകർഷകർക്ക് പ്രത്യേകം ക്ഷേമനിധി ഉണ്ടെന്നിരിക്കെ കന്നുകാലി പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഈ നിയമത്തിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച താങ്കളുടെ അഭിപ്രായം എന്താണ് ?

6. എമു, കാട, മുയൽ തുടങ്ങിയവയെ വളർത്തി ഉപജീവന മാർഗം തേടുന്നവർക്കും ഈ നിയമത്തിന്റെ പരിരക്ഷണം നൽകേണ്ടതുണ്ടോ?

7. കുടുംബം എന്നതിന്റെ നിർവ്വചനത്തിൽ 2(ഇ)-ൽ ഉൾപ്പെടുത്തിയിട്ടുള്ളവരുടെ അഭാവത്തിൽ പ്രായപൂർത്തിയായ മകനെയും വിവാഹിതരായ മകളെയും ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

8. സർക്കാർ, വർഷം, വിജ്ഞാപനം, രജിസ്ട്രേഷൻ ഫീസ്, അനൗദ്യോഗിക ഡയറക്ടർ തുടങ്ങിയവയുടെയുള്ള നിർവ്വചനം നിയമത്തിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച താങ്കളുടെ അഭിപ്രായം എന്താണ് ?

9. നിലവിലുള്ള സാഹചര്യത്തിൽ, ക്ഷേമനിധിയിൽ അംഗമാകുന്നതിന് ഒന്നര ലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത് ന്യായമാണെന്ന് താങ്കൾ കരുതുന്നുണ്ടോ ?

10. നഗരങ്ങളിൽ മട്ടുപ്പാവിൽ കൃഷി നടത്തുകയും പക്ഷിമൃഗാദികളെയും ഉപജീവനത്തിനായി

വളർത്തുന്നത് വ്യാപകമായിട്ടുള്ള സാഹചര്യത്തിൽ അത്തരത്തിലുള്ള കൃഷിക്കാർക്കും ഈ നിയമത്തിന്റെ പരിരക്ഷ നൽകണമെന്ന് താങ്കൾ കരുതുന്നുണ്ടോ ?

11. കർഷകൻ എന്നതിനു നൽകിയിട്ടുള്ള നിർവ്വചനത്തിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്ന് താങ്കൾ കരുതുന്നുണ്ടോ ?

12. കൃഷി വകുപ്പിന്റെ പേരു മാറ്റിയിട്ടുള്ള സാഹചര്യത്തിൽ കൃഷി വകുപ്പ് എന്നുള്ളതിനു പകരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എന്നു മാറ്റുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നുണ്ടോ?

13. വകുപ്പ് 3(5) (ജി)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹരാകുന്നതിന് അംഗത്വം നിർബന്ധമാക്കണമെന്നും ആയതിന് നിശ്ചിത കാലപരിധി നിശ്ചയിക്കണം എന്നും വ്യവസ്ഥ ചെയ്യേണ്ടതുണ്ടോ ?

14. 3-ാം വകുപ്പിന്റെ (3)(vi) ഉപവകുപ്പിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാനിക്കുന്ന തുക സംഭരിക്കാം എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളിടത്ത് ഇപ്രകാരം തുക സംഭരിക്കുന്നതിന് ബോർഡിന് സർക്കാരിന്റെ അനുമതി വേണമെന്ന നിബന്ധന ഉൾപ്പെടുത്തണമെന്ന് താങ്കൾ കരുതുന്നുണ്ടോ?

15. വകുപ്പ് 3 (3) (viii) - ൽ കേരള കർഷക ക്ഷേമ സ്റ്റാമ്പ് എന്നു പറഞ്ഞിട്ടുള്ളത് 17-ാം വകുപ്പ് പ്രകാരമുള്ള സ്റ്റാമ്പ് എന്നു വ്യക്തമാക്കേണ്ടതുണ്ടോ?

16. അറുപത് വയസ്സു പൂർത്തിയാകുമ്പോൾ പെൻഷന് അർഹതയുണ്ടെന്നിരിക്കെ 65 വയസ്സു വരെ നിധിയിൽ ചേരുവാൻ അനുമതി നൽകുന്നത് അഭികാമ്യമാണോ? ഇക്കാര്യത്തിൽ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കാനുണ്ടോ ?

17. ക്ഷേമനിധിയിലെ അംഗങ്ങളുടെയോ ആശ്രിതരുടെയോ വിവാഹ ആവശ്യങ്ങൾക്ക് ധനസഹായമായോ വായ്പയായോ തുക നൽകുന്നതു സംബന്ധിച്ച എന്തെങ്കിലും വ്യവസ്ഥ പദ്ധതിയിലുൾപ്പെടുത്തേണ്ടതുണ്ടോ ?

18. അംഗങ്ങളുടെ പ്രസവസംബന്ധമായ ആവശ്യങ്ങൾക്ക് ധനസഹായം നൽകാൻ വ്യവസ്ഥ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ ?

19. വകുപ്പ് 4(2)-ൽ നിധിയിലേക്കുള്ള രജിസ്ട്രേഷൻ ഫീ കൂടാതെ ബോർഡിന്റെ വിവിധ പദ്ധതികൾക്ക് വേണ്ടിയുള്ള അപേക്ഷാ ഫോറങ്ങൾക്ക് നിശ്ചിത ചെറിയ തുക കർഷകരിൽ നിന്നും ഈടാക്കി നിധിയിലേക്കു തന്നെ വരവു വയ്ക്കുകയും അതുവഴി നിധിയുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യണം

എന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ടോ ?

20. ബോർഡിന്റെ ചെയർമാൻ എന്നത് ചെയർപേഴ്സൺ എന്ന് ഭേദഗതി ചെയ്യേണ്ടതുണ്ടോ ?

21. വകുപ്പ് 10(4) ൽ പ്രതിനിധി എന്നത് ഏതു റാങ്കിൽപെട്ട ഉദ്യോഗസ്ഥൻ എന്നു വ്യക്തമാക്കേണ്ടതുണ്ടോ ?

22. കർഷക പ്രതിനിധികളെ ഡയറക്ടർമാരായി നാമനിർദ്ദേശം ചെയ്യപ്പെടുവാൻ എന്തെങ്കിലും മാനദണ്ഡം നിർദ്ദേശിക്കാനുണ്ടോ ?

23. വകുപ്പ് 11 (2) ൽ അനൗദ്യോഗിക ഡയറക്ടർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണ് എന്നത് വ്യക്തമാക്കേണ്ടതുണ്ടെന്ന് താങ്കൾ കരുതുന്നുണ്ടോ?

24. ബോർഡിന്റെ ഡയറക്ടർ ബോർഡിലെ കർഷക പ്രാതിനിധ്യം ഒൻപത് എന്നത് വർദ്ധിപ്പിക്കേണ്ടതുണ്ടെന്നോ മറ്റേതെങ്കിലും വിഭാഗത്തിൽ നിന്നുള്ള പ്രാതിനിധ്യം ഉണ്ടാകണമെന്നോ താങ്കൾ കരുതുന്നുണ്ടോ? എങ്കിൽ അതു സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കാനുണ്ടോ ?

25. വകുപ്പ് 10(5)-ൽ പറയുന്ന ബോർഡിന്റെ കാര്യനിർവ്വഹണത്തിനായുള്ള ഉദ്യോഗസ്ഥരുടെ ഘടനയിൽ മാറ്റം വരുത്തേണ്ടതുണ്ടോ ?

26. യോഗത്തിനുള്ള ക്വാറമായി നിശ്ചയിച്ചിട്ടുള്ളതിൽ എന്തെങ്കിലും മാറ്റം നിർദ്ദേശിക്കാനുണ്ടോ ?

27. അനൗദ്യോഗിക ഡയറക്ടറുടെ അയോഗ്യതയും നീക്കം ചെയ്യലും സംബന്ധിച്ച 13-ാം വകുപ്പിൽ ഭേദഗതി നിർദ്ദേശിക്കാനുണ്ടോ ?

28. വകുപ്പ് 14-ൽ ബോർഡിലേക്ക് നേരിട്ട് നിയമനം നടത്തുന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസുകളും കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കണമെന്ന് താങ്കൾ കരുതുന്നുണ്ടോ ?

29. വകുപ്പ് 17 (2)-ൽ പറയുന്ന പ്രകാരം സർക്കാരിന്റെ വിവിധ ഓഫീസുകളിലോ സ്ഥാപനങ്ങളിലോ സമർപ്പിക്കേണ്ട നിശ്ചിത തരം അപേക്ഷകൾ അങ്ങനെയുള്ള ഓഫീസുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നൽകുന്ന നിശ്ചിത തരം സർട്ടിഫിക്കറ്റുകൾ, രേഖകൾ തുടങ്ങിയവയിൽ കർഷക ക്ഷേമ സ്റ്റാമ്പ് പതിപ്പിക്കണമെന്ന കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ടോ ?

30. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരാതെയും നിലവിലെ മറ്റു ക്ഷേമനിധി ബോർഡുകളുടെ വരുമാനത്തെ ബാധിക്കാതെയും നിലവിലെ നിയമങ്ങൾക്ക് വിധേയമായി

നിധിയുടെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാം ?

31. ഈ ബില്ലിൽ കൂടുതലായി എന്തെങ്കിലും വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ ? എങ്കിൽ എന്തെല്ലാം ?

32. നിധിയുടെ പ്രവർത്തനം കർഷകർക്ക് എപ്രകാരം കൂടുതൽ ഗുണകരം ആക്കണമെന്നത് സംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങൾ ? (അര പേജ് കവിയാതെ)

2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ, ചോദ്യാവലി എന്നിവ niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വിഷയം സംബന്ധിച്ച താങ്കളുടെ അഭിപ്രായങ്ങൾ നേരിട്ടോ അണ്ടർ സെക്രട്ടറി, നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരു-33 എന്ന മേൽവിലാസത്തിൽ തപാലിലോ ഇ-മെയിലായോ ലഭ്യമാക്കേണ്ടതാണ്.

e-mail id legislation@niyamasabha.nic.in.

തിരുവനന്തപുരം,
2019 ജനുവരി 17.

സെക്രട്ടറി,
കേരള നിയമസഭ.